# പ്രധാനമന്ത്രി ഖത്തർ അമീറുമായി കൂടിക്കാഴ്ച നടത്തി

ഫെബ്രുവരി 15, 2024

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ദോഹയിലെ അമീറി കൊട്ടാരത്തിൽ ഖത്തർ അമീർ ഹിസ് ഹൈനസ് ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയുമായി ഇന്ന് കൂടിക്കാഴ്ച നടത്തി.

2. അമീറി കൊട്ടാരത്തിൽ എത്തിച്ചേർന്ന പ്രധാനമന്ത്രിക്ക് ഔപചാരികമായ സ്വീകരണം നൽകി. അതിനുശേഷം, ഇരുപക്ഷവും പ്രതിനിധികളോടൊപ്പമുള്ള  ചർച്ചകൾ നടത്തുകയും നിയന്ത്രിത പ്രവേശനമുള്ള സംഭാഷണങ്ങളിലേർപ്പെടുകയും ചെയ്തു. സാമ്പത്തിക സഹകരണം, നിക്ഷേപങ്ങൾ, ഊർജ്ജ പങ്കാളിത്തം, ബഹിരാകാശ ഗവേഷണ സഹകരണം, നാഗരിക അടിസ്ഥാന സൗകര്യങ്ങൾ, സാംസ്കാരിക ബന്ധങ്ങൾ, ഇരു രാഷ്ട്രങ്ങളിലേയും ജനങ്ങൾ തമ്മിലുള്ള സഹകരണ ബന്ധങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിഷയങ്ങൾ ചർച്ചയിൽ ഉൾപ്പെട്ടിരുന്നു. പ്രാദേശികവും ആഗോളവുമായ വിഷയങ്ങളെക്കുറിച്ചും ഇരു നേതാക്കളും വീക്ഷണങ്ങൾ പരസ്പരം പങ്കു വെച്ചു.

3. ഖത്തറിലെ 8 ലക്ഷത്തിലധികം വരുന്ന പ്രബലമായ ഇന്ത്യൻ സമൂഹത്തെ പരിപാലിച്ചതിന് പ്രധാനമന്ത്രി അമീറിനോട് നന്ദി പറയുകയും ഖത്തറുമായുള്ള ഉഭയകക്ഷി സഹകരണം കൂടുതൽ വിസ്തൃതമാക്കിത്തീർക്കുന്നതിനും അതിന് ആഴം കൂട്ടുന്നതിനുമുള്ള ഇന്ത്യയുടെ പ്രതിബദ്ധത അറിയിക്കുകയും ചെയ്തു. നേരത്തെ തന്നെ ഇൻഡ്യയിലേക്ക് സന്ദർശനം നടത്തുന്നതിനായി അദ്ദേഹം അമീറിനെ ക്ഷണിക്കുകയും ചെയ്തു.

4. അമീർ പ്രധാനമന്ത്രിയുടെ വീക്ഷണങ്ങളോടുള്ള പൂർണ്ണമായ യോജിപ്പ് പ്രകടിപ്പിക്കുകയും ഗൾഫ് മേഖലയിൽ മൂല്യമേറിയ

പങ്കാളിത്തം കാഴ്ച വെക്കുന്ന ഒരു രാഷ്ട്രം എന്ന നിലയിൽ ഇന്ത്യയുടെ പങ്കിനെ അഭിനന്ദിക്കുകയും ചെയ്തു. ഖത്തറിന്റെ വികസനത്തിൽ ഊർജസ്വലതയുള്ള ഇന്ത്യൻ സമൂഹത്തിന്റെ സംഭാവനകളെയും ഖത്തറിൽ നടക്കുന്ന വിവിധ അന്തർദ്ദേശീയ പരിപാടികളിലെ ആവേശകരമായ പങ്കാളിത്തത്തെയും അമീർ അഭിനന്ദിച്ചു.

5. കൂടിക്കാഴ്ചക്ക് ശേഷം അമീറി കൊട്ടാരത്തിൽ പ്രധാനമന്ത്രിയുടെ ബഹുമാനാർത്ഥം മധ്യാഹ്ന വിരുന്നൊരുക്കിരുന്നു.

**ദോഹ**
**ഫെബ്രുവരി 15, 2024**